## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4621** **13.11.2019-ൽ മറുപടിക്ക്**

## ബോണ്ടട് ലേബർ സിസ്റ്റം അബോളിഷൻ ആക്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ടി. തോമസ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) 1976 ലെ ബോണ്ടട് ലേബർ സിസ്റ്റം അബോളിഷൻ ആക്ട് പ്രകാരം രാജ്യത്ത് അടിമവേലയും നിർബന്ധിത ജോലിയും നിരോധിച്ചുവെങ്കിലും പുതിയ രീതിയിൽ അടിമ വേലക്ക് സമാനമായ തൊഴിൽ സാഹചര്യങ്ങൾ സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്നത് വസ്തുതയാണോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതുസംബന്ധിച്ച് തൊഴിൽ വകുപ്പ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത സർവ്വേ നടത്തിയത്; | (ബി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ബോണ്ടഡ് ലേബറേഴ്സിനെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന് Kerala Institute of Labour and Employment(KILE) എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) സംസ്ഥാനത്ത് ബോണ്ടട് ലേബർ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. കേരളത്തിൽ 2016-17 കാലയളവിൽ വയനാട്, കണ്ണൂർ ജില്ലകളിൽ നിന്നും കണ്ടെത്തിയ 16 ബോണ്ടഡ് ലേബറേഴ്സിനെ മോചിപ്പിക്കുകയും അടിയന്തിര ധനസഹായം എന്ന നിലയിൽ 20,000 രൂപ വീതം ഓരോരുത്തർക്കും നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) കേസുകൾ രജിസ്റ്റർ ചെയ്യുന്നില്ലായെന്നത് അടിമപ്പണിയില്ലായെന്നതിന്റെ തെളിവല്ലായെന്നതും ഇക്കാര്യത്തിൽ പരിശോധന നടത്തണമെന്നുമുള്ള ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കുമോ? | (ഡി) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം ജില്ലകളിൽ കളക്ടർമാർ ചെയർമാൻമാരായും ജില്ലാ ലേബർ ഓഫീസർമാർ കൺവീനർമാരായും വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അടിമവേല സംബന്ധിച്ച് പരിശോധനകൾ നടത്തുകയും ആയത് കണ്ടെത്തുന്ന പക്ഷം നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ.